ശ്രീമതി സുശീലാ ഗോപാലൻ : അവർക്ക് ആവശ്യമായ പരിശീലനം, ബോധവൽക്കരണ പരിപാടി തുടങ്ങിയ കാര്യങ്ങൾ നടത്തുന്നുണ്ട്. അതുപോലെതന്നെ അവർക്ക് ഏതെങ്കിലും തൊഴിലിൽ പരിശീലനം സിദ്ധിക്കുന്നതിനും അവർ പുറത്തുവന്നാൽ അവർക്ക് പുനരധിവാസത്തിന് ആവശ്യമായ ചെറിയ ധനസഹായംകൂടി കൊടുത്തുവരുന്നുണ്ട്.

ശ്രീ. പി.എസ്. സുപാൽ : ജുവനൈൽ വെൽഫെയർ ബോർഡുകളുടെ പ്രവർത്തനത്തിന് കേന്ദ്രഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനൊരു ഫണ്ടുണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ഗ്രാന്റും വിഹിതവും കൂടാതെ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള സഹായവുമുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം കിട്ടുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 380.

സാമൂഹ്യക്ഷേമപദ്ധതികൾക്ക് ലഭിക്കുന്നകേന്ദ്ര സഹായം

5 (*380)ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകളെപ്പറ്റിയും സഹായധനങ്ങളെപ്പറ്റിയും വ്യക്തമാക്കുമോ;

(ബി) ഈ ഗ്രാന്റുകളും സഹായധനങ്ങളും പൂർണ്ണമായും കൃത്യസമയത്ത് ലഭിക്കാറുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ;

(സി) കേന്ദ്രം നൽകുന്ന സഹായധനങ്ങൾ സ്വീകരിച്ചശേഷം അത് ചെലവഴിക്കാതെ വരാറുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) അംഗൻവാടികൾക്ക് ഭക്ഷണസാധനങ്ങൾ നൽകിയിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമുണ്ടായിരുന്നോ എന്നത് സംബന്ധിച്ച് വിശദീകരിക്കുമോ;

(ഇ) സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ ഫലപ്രദമായി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പു മുഖാന്തിരം നടപ്പിലാകുന്ന താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നു.

(1) സംയോജിത ഗിരിവർഗ്ഗ വികസന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(2) ഇന്ദിര മഹിളായോജന

(3) ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിലെ സൗകര്യങ്ങളുടെ നില വാരം ഉയർത്തുക.

(4) ജുവനൈൽ ജസ്റ്റീസ് നിയമം അനുസരിച്ച് നിരീക്ഷണ ഭവന ങ്ങൾ സ്ഥാപിക്കുക.

(5) ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി.

(6) ദേശീയ മാതൃസഹായ പദ്ധതി.

(7) ദേശീയ കുടുംബ സഹായ പദ്ധതി. കൂടാതെ സന്നദ്ധ സംഘട നകൾ നടത്തുന്ന വൃദ്ധസദനങ്ങൾ മെഡികെയർ യൂണിറ്റ്/ഡേകെയർ സെന്റർ/വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി നടത്തുന്ന വിവിധക്ഷേമപദ്ധതികൾ, തെരുവു കുട്ടികളുടെ സംരക്ഷണം, പരിശീലനം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾക്ക് കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് നൽകിവരു ന്നുണ്ട്. ഈ ഇനത്തിലുള്ള അപേക്ഷകൾ സംസ്ഥാന സർക്കാരാണ് ശുപാർശ ചെയ്ത് കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കുന്നത്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിനുള്ള കേന്ദ്ര സഹായങ്ങൾ അതാതു സാമ്പത്തിക വർഷത്തിൽ തന്നെ ലഭിക്കാറുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാന സർക്കാരിലേയ്ക്ക് ലഭിച്ച തുക താഴെപ്പറയുന്നു.

(1) സംയോജിത ശിശു വികസന പദ്ധതി 3099.11 ലക്ഷം രൂപ

(2) ജുവനൈൽ ജസ്റ്റീസ് നിയമപ്രകാരമുള്ള 50% ധനസഹായ പദ്ധതി 46 ലക്ഷം രൂപ.

(3) ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി 1377.55 ലക്ഷം രൂപ.

(4) ദേശീയ കുടുംബക്ഷേമ പദ്ധതി 347.37 ലക്ഷം രൂപ

(5) ദേശീയ മാതൃ സംരക്ഷണ പദ്ധതി 83.08 ലക്ഷം രൂപ.

(സി) ദേശീയ സുരക്ഷാക്ഷേമ പദ്ധതി പ്രകാരം ലഭിക്കുന്ന വാർദ്ധ ക്യകാല പെൻഷൻ പദ്ധതി, മാതൃ സഹായ പദ്ധതി, കുടുംബക്ഷേമപദ്ധതി എന്നിവയ്ക്ക് ലഭിക്കുന്ന തുക പൂർണ്ണമായും ചെലവാക്കാൻ ചില ജില്ലകൾക്ക് കഴിഞ്ഞിട്ടില്ല. പക്ഷേ വർഷാവസാനം ചെലവാക്കാൻ കഴിയാതെ വരുന്ന തുകയും കണക്കിലെടുത്ത് അടുത്ത വർഷത്തെ അടങ്കൽ തുക കൂടി നൽകാ റുണ്ട്.

(ഡി) ലോക ഭക്ഷ്യ പരിപാടി പ്രകാരം അംഗനവാടികളിൽകൂടി ഭക്ഷണ വിതരണത്തിന് നൽകിയിരുന്ന ഭക്ഷണ സാധനങ്ങളുടെ തോത് ഗണ്യമായി കുറച്ചിട്ടുണ്ട്. ഇപ്പോൾ ഇത് വടക്കൻ മേഖലകളിലെ 6 ജില്ലക ളിലെ 3,36,900 ഗുണഭോക്താക്കൾക്കായി ചുരുക്കിയിട്ടുണ്ട്. ഈയിനത്തിൽ കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(ഇ) സാമൂഹ്യ ക്ഷേമ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നട ത്തുന്നതിന്റെ ഭാഗമായി പല നൂതന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കു ന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഐ.സി.ഡി.എസ് പദ്ധതി സാർവ്വത്രികമാ ക്കുന്നതിന്റെ ഭാഗമായി 1999-2000 മുതൽ 15 വർഷം കൊണ്ട് അവശേഷിക്കുന്ന 45 ഐ.സി.ഡി.എസ് പ്രോജക്ടുകൾ കൂടി സംസ്ഥാനത്ത് ആരംഭിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള 152.45 കോടി രൂപ ലോകബാങ്കിന്റെ ധനസഹായം ലഭിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ വനിതാ ക്ഷേമം ലക്ഷ്യമാക്കി കേരള വനിതാ വികസന കോർപ്പറേഷനും സാമൂഹ്യക്ഷേമ ഉപ ദേശക ബോർഡും അവരുടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ പുനഃസംഘടിപ്പിക്കുന്നതിന് പ്രത്യേക ശുപാർശകൾ ഉണ്ടെങ്കിൽ അക്കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി ബധിര-മൂക കുട്ടികൾക്കുവേണ്ടിയുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? എങ്കിൽ അത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അതിനുള്ള നടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. അതിനുള്ള പ്രത്യേക ക്ലാസ് ഒരു റെൻഡഡ് ബിൽഡിംഗിൽ ഇപ്പോൾ പൂജപ്പുരയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തവണ അവരുടെ ഡിഗ്രി ക്ലാസു കൂടി ആരംഭിക്കുകയാണ്. വളരെ ഫലപ്രദമായ രീതിയിൽ നടക്കുന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഒരു കോടിയോളം രൂപ നമ്മുടെ കയ്യിൽ ഉണ്ടെങ്കിലും ആവശ്യമായ 20 ഏക്കർ സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല. അതിനുള്ള എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് ഈ സ്ഥാപനം യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്യാനുള്ളതാണ്. അതൊക്കെ വച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു പല വിധത്തിലുള്ള പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : ലോക ഭക്ഷ്യ പരിപാടി പ്രകാരം അംഗനവാടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷണ സാധനങ്ങളുടെ തോത് കേന്ദ്ര ഗവൺമെന്റ് കുറച്ചു എന്നു പറയുകയുണ്ടായി. ആ കുറവ് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : കുറവ് പരിഹരിക്കുന്നതിനുള്ള കാര്യങ്ങൾ ഇന്ന് പ്ലാനിംഗ് ബോർഡിൽ തന്നെ നമ്മുടെ പഞ്ചായത്തുതല സമിതികളെ ഏൽപ്പിച്ചിരിക്കുകയാണ്. അവരുടെ ഫണ്ടിൽ നിന്നും ഇതിന് ആവശ്യമായ പണം കണ്ടെത്താൻ മാത്രമാണ് ഇന്ന് കഴിയുന്നത്. പ്രത്യേകം ഫണ്ട് കണ്ടെത്തി നമുക്ക് കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : വികലാംഗക്ഷേമത്തിനായി 1995-ൽ പാർലമെന്റിൽ പാസ്സാക്കിയ ബിൽ കേരളത്തിൽ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? വികലാംഗരുടെ വികസന ലക്ഷ്യങ്ങൾക്കായി സംസ്ഥാന സർക്കാർ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : വികലാംഗ സംരക്ഷണത്തിനായി നിരവധി പരിപാടികൾ ചെയ്തു വരുന്നുണ്ട്. വികലാംഗരുടെ കോർപ്പറേഷൻ തന്നെ അതിന് നിരവധി നടപടികൾ എടുക്കുന്നുണ്ട്. അവർക്ക് ആവശ്യമായ എക്യൂപ്മെന്റ്സ് കൊടുക്കുക, അതുപോലെ തന്നെ അവർക്ക് ചില തൊഴിൽ കൊടുക്കാനുള്ള സഹായ പദ്ധതികൾ ഇങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. പ്രത്യേകമായി ഈ വികലാംഗരെ സഹായിക്കുന്നതിന് ഗവൺമെന്റ് തന്നെ 3% തൊഴിൽ ആനുകൂല്യങ്ങൾ ഇന്ന് കൊടുത്തുവരു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അത് വളരെ പ്രയോജനപ്രദമായി നടത്തി വരികയാണ്. വികലാംഗർക്കുവേണ്ടിയുള്ള ചില പദ്ധതികൾ, പ്രത്യേകിച്ചും അവരുടെ എക്യൂപ്മെന്റ്സ് ഉണ്ടാക്കുന്ന ഒരു ഫാക്ടറി തന്നെ ഉണ്ടാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. നമ്മുടെ കെ.എച്ച്.ഡി.പി.യുടെ ഭാഗമായി വികലാംഗർക്കുവേണ്ടിയുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറിക്ക് ഞങ്ങൾ ഇന്ന് രൂപം നൽകി വരികയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : അംഗനവാടി ജീവനക്കാർക്ക് ഈ സർക്കാർ പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്? അതിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുക?

ശ്രീമതി സുശീലാ ഗോപാലൻ : കേന്ദ്ര സർക്കാരിൽ നിരവധി പ്രാവശ്യം നിവേദനം നടത്തി. പ്രത്യേകിച്ചും ഇവരുടെ ഇന്നത്തെ കുറഞ്ഞ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അതിന് വളരെയധികം ഗുണകരമായ കാര്യമല്ല ചെയ്തിട്ടുള്ളത്. പ്രത്യേകിച്ച് അവർക്ക് ഒരു പെൻഷൻ പദ്ധതിയെങ്കിലും ആവിഷ്ക്കരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞപ്പോൾ അവരുടെ റിട്ടയറിംഗ് ഏജ് പോലും തീരുമാനിച്ചിട്ടില്ല, അതുകൊണ്ട് അങ്ങനെ ചെയ്യാൻ സാധിക്കില്ലയെന്നാണ് മറുപടി കിട്ടിയത്. പ്രത്യേകിച്ച് കേന്ദ്രാവിഷ്കൃത പദ്ധതി ആയതുകൊണ്ട് അവരാണ് ഈ കാര്യത്തിൽ മുൻകൈ എടുക്കേണ്ടത്. എങ്കിൽ പോലും നമ്മൾ വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റ് 100 രൂപയും അതുപോലെ ഇതിനു മുൻപ് ഒരു നൂറു രൂപയും കൂടുതലായി കൊടുത്തിട്ടുണ്ട്. ഇപ്പോൾ അവരുടെ പ്രശ്നത്തിന് അനുഭാവപൂർവ്വമായി എന്തെങ്കിലും ചെയ്യുന്ന കാര്യം ആലോചിക്കുന്നുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : സർ, വികലാംഗരായ തൊഴിൽ രഹിതർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലാസ്റ്റ് ഗ്രേഡായി നിയമിക്കപ്പെടുന്നുണ്ട്. ഒരു പ്രത്യേക പരിഗണന നൽകി അവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വളരെയധികം സമ്മർദ്ദം ചെലുത്തിയിട്ടാണ് ഇന്നിപ്പോൾ 3% ആളുകൾക്ക് പ്രത്യേകിച്ച് ഗവൺമെന്റ് പരിഗണന നൽകിക്കൊണ്ട് നടപടി എടുത്തിട്ടുള്ളത്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയിടയിൽ അവർക്ക് പ്രത്യേക പരിഗണന കൊടുത്ത് അവരെ നിയമിക്കാനുള്ള ഒരു പരിതസ്ഥിതി ഇന്ന് ഇല്ല എന്നുള്ളതാണ്.

ശ്രീ. എ. അലി ഹസ്സൻ : വികസന ബ്ലോക്കുകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ബാലവാടികൾ ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിൽ ഇന്ന് അംഗനവാടികളാക്കി മാറ്റി. അതുപോലെ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശിശുവിഹാറിനെ കൂടി ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പ്രത്യേകിച്ചും അംഗനവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മാത്രമേ കഴിയുകയുള്ളൂ. ഈ കാര്യത്തിൽ നിർദ്ദേശം അയച്ച് അവരുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ ഇക്കാര്യം അടക്കം പരിശോധിക്കാം. പക്ഷേ ഇന്നത്തെ പരിതസ്ഥിതിയിൽ നമുക്ക് അതിന് മുൻകൈയെടുക്കാൻ സാദ്ധ്യമല്ല എന്ന നിർദ്ദേശമാണുള്ളത്.

മി. സ്പീക്കർ : ചോദ്യം നമ്പർ 381.

LIBRARY ARCHIVES Kerala Legislative Assembly